**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

## കേരളാ സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1914** **07/03/2017-ൽ മറുപടിക്ക്**

**ചോദ്യം**
**ശ്രീ.കെ.എസ്.ശബരീനാഥൻ**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ലോക്കൽ പോലീസിലെയും ആംഡ് റിസർവ്വ് വിഭാഗത്തിലെയും സിവിൽ പോലീസ് ഓഫീസർ മുതൽ സബ്ബ് ഇൻസ്പെക്ടർ വരെയുള്ള പദവികൾ ഏകോപിപ്പിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | ഉണ്ട്. 10/12/2010 ലെ സ.ഉ.(പി) 268/2010/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ജില്ലാ സായുധ സേനാവിഭാഗവും ജനറൽ എക്സിക്യൂട്ടീവ് വിഭാഗവും സംയോജിപ്പിച്ച് കേരള സിവിൽ പോലീസ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിൽ (30/03/2010 ൽ) ജില്ലാ സായുധ സേനയിൽ പ്രവൃത്തിയെടുത്തുവരുന്ന പോലീസ് കോൺസ്റ്റബിൾ മുതൽ എസ്.ഐ. വരെയുള്ളവരിൽ നിന്നും കേരള സിവിൽ പോലീസിലേയ്ക്ക് വില്ലിംഗ് ഓപ്ഷൻ നൽകിയവരെ ഏകോപിപ്പിച്ചിട്ടുണ്ട്. |
| (ബി) | ആംഡ് റിസർവ്വ് - ലോക്കൽ സംയോജനം നടപ്പിലാക്കി കേരളാ സിവിൽ പോലീസ് സബോർഡിനേറ്റ് സർവ്വീസ് എന്ന പേരിൽ പുതിയ കേഡർ രൂപീകരിച്ചതിലൂടെ പോലീസ് സേനക്കുണ്ടാകുന്ന ഗുണപരമായ മാറ്റങ്ങൾ വിശദമാക്കുമോ; | (ബി) | സിവിൽ പോലീസ് കേഡർ രൂപീകരിച്ചതുമൂലം പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും പൊതുജന സൗഹാർദ്ദപരമാക്കാനും കഴിഞ്ഞിട്ടുണ്ട്. |
| (സി) | പ്രസ്തുത സംയോജനം ഏതെങ്കിലും കമ്മീഷനുകളുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ ? | (സി) | 1977 ൽ നിയമിച്ച നാഷണൽ പോലീസ് കമ്മീഷന്റെയും 2004 ൽ നിയമിച്ച ജസ്റ്റിസ് തോമസ്സ് കമ്മിറ്റിയുടെയും ശുപാർശയെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത സംയോജനം നടപ്പിലാക്കിയത് |

സെക്ഷൻ ഓഫീസർ